"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മൃഗസംരക്ഷണ വകുപ്പ് - മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളായ, കേരള കന്നുകാലി വികസന ബോർഡ് , കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, കേരള ഫീഡ്സ് ലിമിറ്റഡ് , മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 2022 -2023 വർഷത്തെ ബോണസ് / മറ്റ് അലവൻസുകൾ അനുവദിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും നൽകിയ അനുമതിക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

മൃഗസംരക്ഷണ(എഫ് )വകുപ്പ്

സ.ഉ.(കൈ) നം.**28/2025/AHD** തീയതി,തിരുവനന്തപുരം, **13-06-2025**

---

പരാമർശം:-

1. 14/08/2023 തീയതിയിലെ സ ഉ (അ)നം. 69/2023 /എൽ ബി ആർ നമ്പർ ഉത്തരവ്
2. കേരളാ കന്നുകാലി വികസന ബോർഡ് മാനേജിങ് ഡയറക്ടറുടെ 10/08/2023 തീയതിയിലെ PMA/1752/2023 നമ്പർ കത്ത്
3. കേരളാ ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 16/08/2023 തീയതിയിലെ CFPP/70/96നമ്പർ കത്ത്
4. കേരളാ പൗൾട്രി ഡെവലപ്മെന്റ് കോർപറേഷൻ മാനേജിങ് ഡയറക്ടറുടെ 21/08/2023 തീയതിയിലെ KSPDC BONUS/2022- 23/660 നമ്പർ കത്ത്
5. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ മാനേജിങ് ഡയറക്ടറുടെ 21/08/2023 തീയതിയിലെ MPI/BONUS/2023/347 നമ്പർ കത്ത്
6. മൃഗസംരക്ഷണ - തൊഴിൽ -ധനകാര്യ വകുപ്പുകൾ ഉൾപ്പെട്ട 21/08/2023 ലെ ത്രികക്ഷിയോഗത്തിന്റെ നടപടികുറിപ്പ്
7. 23/08/2023 ലെ എഫ് 3 / 154 / 2023 /എ എച്ച് നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2022-2023 വർഷത്തെ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (2), (3), (4), (5) പ്രകാരം മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള കേരള ഫീഡ്സ് ലിമിറ്റഡ് ,കേരള കന്നുകാലി വികസന ബോർഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ,കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ 2022-2023 സാമ്പത്തിക വർഷത്തെ ബോണസ്, പെർഫോമൻസ് അലവൻസ് എന്നിവ അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ടി ശിപാർശകൾ ചർച്ച ചെയ്യുന്നതിനായി ധനകാര്യ വകുപ്പിലേയും , തൊഴിലും നൈപുണ്യവും വകുപ്പിലേയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബഹു. മൃഗസംരക്ഷണവും - ക്ഷീരവികസനവും - മൃഗശാലയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ

21/08/2023 ൽ യോഗം ചേരുകയും ബോണസ് മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

3) പരാമർശം (7) പ്രകാരം 21/08/2023-ലെ ത്രികക്ഷി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർമാർക്കും തൊഴിൽ - ധനകാര്യ വകുപ്പുകൾക്കും നൽകിക്കൊണ്ട് പ്രസ്തുത മിനുട്സിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് മാനേജിങ് ഡയറക്ടർമാർക്കു നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സ് ലിമിറ്റഡ്, കേരള കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്, കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2022-23 വർഷത്തെ ബോണസ് / മറ്റ് അലവൻസുകൾ എന്നിവ അനുവദിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും പരാമർശം (7)- പ്രകാരം നൽകിയ അനുമതികൾക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, പട്ടം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൌൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, പേട്ട, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര, തൃശ്ശൂർ
മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്, കൂത്താട്ടുകുളം, എറണാകുളം
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം.3032 തീയതി 11/06/2025)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 & 2) തിരുവനന്തപുരം
ധനകാര്യ (പി.യു.ബി) വകുപ്പ്,
തൊഴിലും നൈപുണ്യവും വകുപ്പ്
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-06-2025

ഫയൽ നം. എഫ്3/154/2023/എ.എച്ച്.ഡി. ഇനം നം: 3032

വിഷയം : മൃഗസംരക്ഷണ വകുപ്പ് - മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്, കേരള സംസ്ഥാന പൗൾട്ടറി വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരളാ ഫീഡ്സ് ലിമിറ്റഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ ബോണസ്/മറ്റ് അലവൻസുകൾ എന്നിവ അനുവദിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും നൽകിയ അനുമതികൾക്ക് സാധൂകരണം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **എഫ്3/154/2023/എ.എച്ച്.ഡി** |
| 2 | വകുപ്പ് | : | **മൃഗസംരക്ഷണ (എഫ്) വകുപ്പ്** |
| 3 | വിഷയം | : | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്, കേരള സംസ്ഥാന പൗൾട്ടറി വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരളാ ഫീഡ്സ് ലിമിറ്റഡ്, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ ബോണസ് / മറ്റ് അലവൻസുകൾ എന്നിവ അനുവദിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും നൽകിയ അനുമതികൾക്ക് സാധൂകരണം നൽകുന്നത് – സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.05.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ആണ് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, തൊഴിലും നൈപുണ്യവും വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് . |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഷിബു.എ.റ്റി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വാസുകി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ .ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. ജെ. ചിഞ്ചുറാണി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05.06.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.06.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളായ, കേരള കന്നുകാലി വികസന ബോർഡ് , കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, കേരള ഫീഡ്സ് ലിമിറ്റഡ് , മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളിലെ തൊളിലാളികൾക്ക് 2022 -2023 വർഷത്തെ ബോണസും/ഫെസ്റ്റിവൽ അലവൻസും, പെർഫോമൻസ് - കം - മോട്ടിവേഷൻ അലവൻസും അനുവദിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2022-2023 വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തൊഴിലും നൈപുണ്യവും വകുപ്പ് 14/08/2023 -ലെ സ.ഉ (അച്ചടി) നം.69 /2023 /എൽ ബി ആർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ 2022 -2023 -ലെ വരവ്-ചെലവ് കണക്കിന്റെ Internal audit ഉം, 2021 - 2022 ലെ Statutory Audit ഉം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 8.33% ൽ കൂടുതൽ ബോണസ് നൽകാവുന്നതാണെന്നും പ്രസ്തുത ഉത്തരവിലെ മറ്റു വ്യവസ്ഥകൾക്കനുസരിച്ച് ബോണസും ഫെസ്റ്റിവൽ അലവൻസും, അനുവദിക്കാവുന്നതാണെന്നും നിഷ്കർഷിച്ചിരുന്നു.

3) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള കേരള ഫീഡ്സ് ലിമിറ്റഡ് ,കേരള കന്നുകാലി വികസന ബോർഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ,കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിലേക്ക് സമർപ്പിച്ച ബോണസ്, പെർഫോമൻസ് അലവൻസ് എന്നിവ നല്കുന്നതിനായുള്ള നിർദ്ദേശം ചർച്ച ചെയ്യുന്നതിനായി ധനകാര്യ വകുപ്പിലേയും , തൊഴിലും നൈപുണ്യവും വകുപ്പിലേയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബഹു. മൃഗസംരക്ഷണവും - ക്ഷീരവികസനവും - മൃഗശാലയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21/08/2023 ൽ യോഗം കൂടുകയും ബോണസ് മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുകയും ചെയ്തു.

4) പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു :

i) മൃഗസംരക്ഷണ വകുപ്പിന് കീഴിലെ കേരള കന്നുകാലി വികസന ബോർഡ് , കേരള ഫീഡ്സ് ലിമിറ്റഡ് , കേരള സംസ്ഥാന പൗൾട്ടറി വികസന കോർപ്പ റേഷൻ

എന്നിവിടങ്ങളിൽ മുൻ വർഷം അനുവദിച്ചത് പോലെ ബോണസ് ഉത്സവബത്ത പെർഫോമൻസ് -കം - മോട്ടിവേഷൻ അലവൻസ്, പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നിവ അനുവദിക്കാവുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു

ii) മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയിൽ കഴിഞ്ഞവർഷം അനുവദിച്ച പ്രൊഡക്ഷൻ ഇൻസെന്റീവിൽ നിന്ന് സ്ഥിര ജീവനക്കാർക്ക് 5000 രൂപ കുറച്ചുകൊണ്ട് 10000 രൂപയായും കാഷ്വൽ തൊഴിലാളികൾക്ക് 2500 രൂപയും കോൺട്രാക്ട് തൊഴിലാളികൾക്ക് 2500 രൂപയും അനൽകാവുന്നതാണ്. അർഹതയുള്ള ജീവനക്കാർക്ക് കഴിഞ്ഞവർഷം അനുവദിച്ചത് പോലെ ബോണസ് ഉത്സവബത്ത എന്നിവ അനുവദിക്കാവുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു -

iii) ഈ വിഷയം സംബന്ധിച്ച് 14-8-2023 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.69 / 2023 /എൽ ബി ആർ നമ്പർ ഉത്തരവിലെ നിബന്ധനങ്ങൾക്ക് അനുസരിച്ച് തൊഴിൽ-ധനകാര്യം മന്ത്രിമാർക്ക് മിനിട്സ് ഉൾപ്പെടെ ഫയൽ ചക്രമണം ചെയ്തു ബഹു മുഖ്യമന്ത്രിയുടെ അനുമതി ഈ വിഷയത്തിൽ തേടുന്നതിനും മന്ത്രിസഭാ യോഗത്തിനുള്ള പരിഗണനയ്ക്കുള്ള അനുമതിക്കായും ഫയൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

5) തുടർന്ന് , 21/08/2023 ലെ ത്രികക്ഷി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർമാർക്കും തൊഴിൽ ധനകാര്യ വകുപ്പുകൾക്കും നൽകിക്കൊണ്ട് പ്രസ്തുത മിനുട്സിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ 23/08/2023 ലെ എഫ്3/154/2023 എഎച്ച് നമ്പർ കത്ത് പ്രകാരം മാനേജിങ് ഡയറക്ടർമാർക്കു നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

6) ടി യോഗതീരുമാനങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനായി ബഹു. തൊഴിൽ വകുപ്പ് മന്ത്രി മുഖേന ബഹു . ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് ഫയൽ സമർപ്പിച്ചിരുന്നു .

7) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2022 -2023 വർഷത്തെ ബോണസ് / ഉത്സവബത്ത എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 13/09/2024 തീയതിലെ അഭിപ്രായം ചുവടെ ചേർക്കുന്നു :-

***" കേരള ലൈവ്സ്റ്റോക്ക് ഡെവെലപ്മെന്റ് ബോർഡ്, കേരള സ്റ്റേറ്റ് പൗൾട്രി ഡെവെലപ്മെന്റ് കോർപ്പറേഷൻ, കേരള ഫീഡ്സ് ലിമിറ്റഡ്, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ്,***

*പ്രത്യേക ഉത്സവബത്ത എന്നിവ അനുവദിക്കുന്നത് 14/08/2023 തീയതിയിലെ സ.ഉ(അച്ചടി) നം. 69/2023/തൊഴിൽ, 23/08/2023 തീയതിയിലെ സ.ഉ(അച്ചടി) നം. 92/2023/ധന എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിമിതപ്പെടുത്തേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു. ധന മന്ത്രിയുടെ അംഗീകാരമുണ്ട്. '*

8)ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കാണുന്നതിനും , തൊഴിൽ വകുപ്പിന്റെ അഭിപ്രായം ആരായാവുന്നതിനുമായി ഫയൽ തൊഴിൽ വകുപ്പിന് നൽകിയിരുന്നു. തൊഴിൽ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*' ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ്‌ലൈൻസിലെ (14/08/2023-ലെ സ.ഉ.(അച്ചടി) നം.69/2023/LBR) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ബോണസും മറ്റ് ആനുകൂല്യങ്ങളും നല്കിയതെങ്കിൽ പ്രസ്തുത നടപടിയോട് വകുപ്പ് യോജിക്കുന്നു.'*

9) 14/08/2023 -ലെ സ.ഉ (അച്ചടി) നം.69 /2023 /എൽ ബി ആർ പ്രകാരമുള്ള ഉത്തരവിൽ തൊഴിൽ വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുന്ന ത്രികക്ഷി സമ്മേളനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പ മന്ത്രിമാർ കൈക്കൊള്ളുന്ന ബോണസ് സംബന്ധിച്ച തീരുമാനം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം മാത്രം നടപ്പാക്കേണ്ടതാണ് എന്നും ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ഉയർന്ന പരിധി മന്ത്രിസഭായോഗത്തിന്റെ അംഗീകാരം നേടിയ ശേഷം ഭരണവകുപ്പിന് തന്നെ തീരുമാനിക്കാവുന്നതാണെന്നും, മന്ത്രിസഭയുടെ അംഗീകാരം നേടാതെ നൽകുന്ന അധിക ആനുകൂല്യങ്ങൾ യാതൊരു സാഹചര്യത്തിലും സാധൂകരിക്കപ്പെടുകയില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

10) മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം തേടുന്നതിന് മുൻപായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മുൻ വർഷം അനുവദിച്ചതുപോലെ ബോണസും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ഈ വകുപ്പിൽ നിന്നും അനുമതി നൽകിയ സാഹചര്യത്തിൽ, ടി നടപടി സാധൂകരിക്കുന്നതിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സ് ലിമിറ്റഡ് ,കേരള കന്നുകാലി വികസന ബോർഡ്, മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ , കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 2022 –23 സാമ്പത്തിക വർഷത്തെ ബോണസും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് 21/08/23 ലെ ത്രികക്ഷി യോഗത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ മാനേജിങ് ഡയറക്ടർമാർക്ക നിർദ്ദേശം നൽകിയ നടപടിക്ക് സാധൂകരണം നൽകാവുന്നതാണോ ?